# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3026 — 22/02/2016-ൽ മറുപടിയ്ക്ക്

### ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.വർക്കല കഹാർ<br>ശ്രീ. ആർ . സെൽവരാജ്<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഓരോ പഞ്ചായത്തിലും ആധുനികരീതിയിലുള്ള ശ്മശാനങ്ങളുടെ നിർമ്മാണത്തിന് കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | താമസിക്കുന്ന വീടിന്റെ അടുക്കളയിലും വീട്ടിനുള്ളിലും മൃതദേഹങ്ങൾ കുഴിച്ചിടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും ബഹു.സുപ്രീംകോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം മൃതശരീരങ്ങൾക്ക് മാന്യമായ സംസ്കാരം ലഭിക്കണമെങ്കിൽ നിർബന്ധമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പൊതുശ്മശാനം സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പു വരുത്തുന്നതിലേക്ക് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നൽകി വരുന്നു. ഇതിലേക്കുള്ള ധനസഹായത്തിന് |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥല ലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് അർഹരായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചു വരുന്നു. 2015-16 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ